പതിനാലാം കേരള നിയമസഭ

പതിനഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4427

25/06/2019-ൽ മറുപടിയ്ക്ക്

**പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം**

| ചോദ്യം<br>**ശ്രീ.സി. ദിവാകരൻ** | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനം ഉറപ്പുവരുത്തുന്നതിനായി നാല് മേഖലകളിലായി (1) ഭൗതിക സൗകര്യവികസനം, (2) സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ്സ് മുറികൾ/വിദ്യാലയം, (3) അക്കാദമിക പ്രവർത്തനങ്ങൾ, (4) സമൂഹ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്.<br>കൂടാതെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനം ഉറപ്പുവരുത്തുന്നതിനായുള്ള പ്രധാന പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഹൈടെക് ക്ലാസ് മുറികൾക്കു വേണ്ടി ഡിജിറ്റൽ കണ്ടന്റുകൾ വികസിപ്പിച്ചു. 9,10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ഇതിന് അനുസരണമായ മാറ്റങ്ങൾ വരുത്തി. മേൽപ്പറഞ്ഞ പാഠപുസ്തകങ്ങളിൽ ക്യൂ.ആർ.കോഡുകൾ ഉൾപ്പെടുത്തി 'എനർജൈസിംഗ് ടെക്സ്റ്റ്ബുക്ക്സ്' എന്ന പദ്ധതി നടപ്പിലാക്കി.<br>2. കുട്ടികൾക്ക് മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളും, ഇതര ഭാഷകളും മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.<br>3. ഗണിതം കളികളിലൂടെയും പഠനോപകരണങ്ങളുടെ സഹായത്തോടെയും പഠിക്കുന്നതിന് 'ഗണിതവിജയം' പദ്ധതി എൽ.പി, യു.പി ക്ലാസ്സുകളിലെ കുട്ടികൾക്കായി നടപ്പിലാക്കുന്നു.<br>4. ശാസ്ത്രവിഷയങ്ങൾ രസകരമായും കൗതുകത്തോടെയും പഠിക്കുന്നതിന് എൽ.പി, യു.പി ക്ലാസ്സുകളിൽ ശാസ്ത്രകൗതുകം, ശാസ്ത്രമധുരം, ശാസ്ത്രപാർക്ക് എന്നീ പദ്ധതികൾ നടപ്പിലാക്കി. ഓരോ ശാസ്ത്രപാർക്കിലും 70 ലധികം ശാസ്ത്ര പഠനോപകരണങ്ങൾ ക്രമീകരിച്ചിരിക്കുന്നു. |

5. ഹയർസെക്കണ്ടറി ശാസ്ത്രവിദ്യാർത്ഥികളിൽ ശാസ്ത്രവിഷയങ്ങളിൽ താൽപര്യം വർദ്ധിപ്പിക്കുന്നതിനും ഗവേഷണതല്പരത വർദ്ധിപ്പിക്കുന്നതിനുമായി 'ശാസ്ത്രപഥം' പദ്ധതി നടപ്പിലാക്കി.

6. കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനും വായനയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലുള്ള വായനക്കാർഡുകൾ കുട്ടികൾക്ക് നൽകി. എല്ലാവരേയും സ്വതന്ത്ര വായനക്കാരാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

7. ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികളുടെ വായനയ്ക്കായി "കുഞ്ഞുവായന, കുഞ്ഞെഴുത്ത്" എന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

8. കുട്ടികളുടെ വിവിധ മേഖലകളിലെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും ലക്ഷ്യംവെച്ചുകൊണ്ട് സ്കൂളുകളിൽ 'ടാലന്റ് ലാബ് ', 'സർഗ്ഗ വിദ്യാലയം' ഉടങ്ങിയ പരിപാടികൾ നടന്നുവരുന്നു.

9. കുട്ടികളുടെ പഠന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് 'ശ്രദ്ധ' എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

10. പെൺകുട്ടികളുടെ അഭിനയശേഷി വർദ്ധിപ്പിക്കുന്നതിന് പെൺകുട്ടികളുടെ 'ജ്വാല' തീയേറ്റർ ക്യാമ്പുകൾ സംഘടിപ്പിച്ചു.

11. സാമൂഹ്യശാസ്ത്ര വിഷയങ്ങൾ ലളിതമായി പഠിക്കുന്നതിന് ഭൂമിശാസ്ത്ര ലാബ്, ഭൗമം എന്നീ പരിപാടികൾക്ക് തുടക്കം കുറിച്ചു.

12. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ 'നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക്' (NSQF) അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉന്നത നിലവാരത്തിലുള്ള അദ്ധ്യാപനം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപകർക്ക് പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(ബി) അദ്ധ്യാപക വിദ്യാഭ്യാസത്തിൽ ഗുണകരമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ട്. 2019 ഏപ്രിൽ-മെയ് മാസങ്ങളിൽ 8 ദിവസത്തെ അദ്ധ്യാപക വിദ്യാഭ്യാസ പരിപാടിയിൽ അദ്ധ്യാപകരെ പങ്കാളികളാക്കി. ശില്പശാലമാതൃകയിൽ സംഘടിപ്പിച്ച അദ്ധ്യാപക പരിശീലനത്തിന്റെ ഭാഗമായി ഗവേഷണാത്മക വിദ്യാഭ്യാസ മാതൃകകൾ പരിചയപ്പെടാൻ അദ്ധ്യാപകർക്കു കഴിഞ്ഞു. ഹയർ സെക്കന്ററിയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തിയ പത്തു ദിവസത്തെ

പരിശീലനം മികച്ച അദ്ധ്യാപക വിദ്യാഭ്യാസ മാതൃകയായി അംഗീകരിക്കപ്പെട്ടു. കൂടാതെ ഓരോ അദ്ധ്യാപകനും / അദ്ധ്യാപികയും തന്റെ ക്ലാസ്സും വിഷയവും അടിസ്ഥാനമാക്കി കർമ്മപദ്ധതികൾ പരിശീലന വേളയിൽ തയ്യാറാക്കുകയും തുടർന്ന് സ്കൂളുകളിൽ എസ്.ആർ.ജി ചേർന്ന് സ്കൂളിന്റെ കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സ്കൂൾ കർമ്മപദ്ധതി തയ്യാറാക്കുമ്പോൾ സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാനുമായി ഒത്തുചേർന്നുപോകുന്നതിനുള്ള നിർദ്ദേശവും അദ്ധ്യാപകർക്ക് പരിശീലനവേളകളിൽ നൽകിയിട്ടുണ്ട്.

Namitha T

**സെക്ഷൻ ഓഫീസർ**